(ഇ) പ്രതിമാസ പെൻഷൻ എത്ര രൂപയാണ് ; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ&ബി) സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അവശ സർക്കസ് കലാകാരന്മാർക്ക് പ്രതിമാസം 500 രൂപ പെൻഷൻ നൽകിവരുന്നു. തലശ്ശേരിയിലെ എരഞ്ഞോളി പഞ്ചായത്തിൽ സർക്കസ് അക്കാദമി സ്ഥാപിക്കുന്നതിനായി 10 ഏക്കർ 18 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2008-09 സാമ്പത്തിക വർഷം ജില്ലാ കളക്ടർക്ക് 25 ലക്ഷം രൂപ അനുവദിച്ച് നൽകുകയുമുണ്ടായി. തലശ്ശേരി ധർമ്മടത്തെ ചിറക്കുനിയിൽ ഒരു സ്വകാര്യ കെട്ടിടം വാടകയ്ക്കെടുത്ത് അക്കാദമിയുടെ പ്രവർത്തനം താൽക്കാലികമായി ആരംഭിച്ചിട്ടുണ്ട്.

(സി) 10 കുട്ടികൾക്ക്.

(ഡി) ഈ പദ്ധതി പ്രകാരം 45 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാർക്കും 35 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കും (പ്രതിമാസ വരുമാന പരിധി 1500 രൂപ) പ്രതിമാസം 500 രൂപ പെൻഷൻ നൽകിവരുന്നു. സർക്കസ് പ്രകടനത്തിൽ കുറഞ്ഞത് 15 വർഷത്തെ പരിചയം ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കേരളീയരായ സർക്കസ് കലാകാരന്മാർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ളൂ. സർക്കസ് പ്രകടനത്തിനിടയിൽ അപകടം സംഭവിച്ചവർക്ക് 15 വർഷത്തെ നിബന്ധന ബാധകമല്ല. അപേക്ഷകൻ/അപേക്ഷക ജനന തീയതിയും, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പെൻഷൻ അർഹത സംബന്ധിച്ച് തഹസിൽദാർ അന്വേഷണം നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിലവിൽ 1149 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) പ്രതിമാസ പെൻഷൻ 500 രൂപയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഗാർഹിക പീഡനക്കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

24 (*234) ശ്രീ. എൻ. ശക്തൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നടക്കുന്ന ഗാർഹിക പീഡനക്കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ സംബന്ധിച്ച എത്ര കേസുകൾ ഓരോ ജില്ലയിലും ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ഇത്തരം കേസുകൾ തീർപ്പാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ;

(ഡി) വർദ്ധിച്ചുവരുന്ന ഇത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) പരിഗണിക്കാവുന്നതാണ്.

(ബി) ഈ വർഷം ഇതുവരെ സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ സംബന്ധിച്ച് ഫയൽ ചെയ്തിട്ടുള്ള കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	കേസ്സുകളുടെ എണ്ണം
തിരുവനന്തപുരം	361
കൊല്ലം	143
പത്തനംതിട്ട	103
ആലപ്പുഴ	103
കോട്ടയം	53
ഇടുക്കി	38
എറണാകുളം	60
തൃശ്ശൂർ	107
പാലക്കാട്	81
മലപ്പുറം	73
കോഴിക്കോട്	65
വയനാട്	19
കണ്ണൂർ	46
കാസർഗോഡ്	50
ആകെ	1302

LIBRARY ARCHIVES Kerala Legislative Assembly

ഗാർഹിക പീഡനങ്ങൾ സംബന്ധിച്ച് കേരള വനിതാ കമ്മീഷനിൽ ലഭിച്ച പരാതികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	228
കൊല്ലം	43
പത്തനംതിട്ട	17
ആലപ്പുഴ	44
കോട്ടയം	30
ഇടുക്കി	24
എറണാകുളം	48
തൃശ്ശൂർ	15
പാലക്കാട്	18
മലപ്പുറം	21
കോഴിക്കോട്	14
വയനാട്	15
കണ്ണൂർ	14
കാസർഗോഡ്	7
ആകെ	538

(സി) ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട കേസ്സുകളിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് മുമ്പാകെ പരാതിക്കാരിയോ, പരാതിക്കാരിക്കുവേണ്ടി മറ്റാരെങ്കിലുമോ പ്രൊട്ടക്ഷൻ ഓഫീസർ മുഖേനയോ, സർക്കാർ അംഗീകരിച്ചിട്ടുള്ള സർവ്വീസ് പ്രൊവൈഡർമാർ മുഖേനയോ പരാതി സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി പ്രൊട്ടക്ഷൻ ഓഫീസർ ഡൊമസ്റ്റിക് ഇൻസിഡന്റ് റിപ്പോർട്ട് (DIR) നൽകുന്നു. ടി DIRപരിഗണിച്ചു കൊണ്ട് മജിസ്ട്രേറ്റ് ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കോടതി ഉത്തരവുകൾ, നോട്ടീസ് എന്നിവ നടപ്പാക്കുന്നതിനും, ഡി.ഐ.ആർ. തയ്യാറാക്കുന്നതിനും പ്രൊട്ടക്ഷൻ ഓഫീസറുടെ സേവനം ലഭ്യമാക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ ഗാർഹിക പീഡനത്തിന് ഇരയായ സ്ത്രീകൾക്ക് താൽക്കാലിക അഭയം നൽകുന്നതിന് എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേന സൗജന്യ നിയമസഹായം ലഭ്യമാക്കുന്നു. കൗൺസിലിംഗ് ആവശ്യമുള്ള കേസ്സുകളിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പങ്കാളികളായി താമസിച്ച വീട്ടിൽ താമസിക്കുവാനുള്ള അവകാശം, സംരക്ഷണ ഉത്തരവുകൾ, താമസ സൗകര്യത്തിനുള്ള ഉത്തരവുകൾ ഇടക്കാലത്തേക്ക് എക്സ് പാർട്ടി ഉത്തരവുകൾ എന്നിവയാണ് പ്രധാനമായും ഇത്തരം കേസ്സുകൾ തീർപ്പാക്കുമ്പോൾ സ്വീകരിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർദ്ധിച്ചുവരുന്ന ഇത്തരം കേസ്സുകൾ സമയബന്ധിതമായി കൈകാര്യം ചെയ്ത് തീർപ്പാക്കുന്നതിന് നിലവിലുണ്ടായിരുന്ന 31 പ്രൊബേഷൻ ആഫീസർമാർക്ക് പ്രൊട്ടക്ഷൻ ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുകയുണ്ടായി. ടി തസ്തികകളിൽ നിയമനം നടത്തിയെങ്കിലും 3 പേർ മാത്രമേ ജോലിയിൽ പ്രവേശിച്ചിട്ടുള്ളൂ. നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്മേലുള്ള സ്റ്റേ ഉത്തരവ് കാരണമാണ് 11 പേർക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നത്.

വനിതാ വികസന കോർപ്പറേഷൻ

25 (*235) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത് ;

(ബി) വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(സി) ഇതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തുകവീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ് ; മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിലിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

(ഇ) വനിതകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതിടീച്ചർ) :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ദാരിദ്രരേഖക്ക് താഴെയുള്ള വനിതകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (6%) സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനായി വായ്പ നൽകിവരുന്നു.

2. 100% തൊഴിൽ ഉറപ്പ് നൽകുന്നതിനായി ഫിനിഷിംഗ് സ്കൂൾ (REACH) നടത്തിവരുന്നു

LIBRARY ARCHIVES Kerala Legislative Assembly